### ചരിത്രം കുറിച്ച് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

# മൂന്ന് കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ

കൊച്ചി കാക്കനാട്ട് രണ്ട് ദിവസങ്ങളിലായി നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി മൂന്ന് കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. 19ന് രാവിലെ 9.40ന് ആരംഭിച്ച പരിപാടി 20ന് പുലർച്ചെ 3.45നാണ് പരിപാടി അവസാനിച്ചത്. കഴിഞ്ഞ ആഴ്ചകളിൽ തിരുവനന്തപുരത്തും കോഴിക്കോടും ജനസമ്പർക്ക പരിപാടി നടന്നപ്പോൾ സമാനമായ ജനബാഹുല്യം ഉണ്ടായിരുന്നെങ്കിലും രാത്രി ഒരു മണിയോടെ പരിപാടി അവസാനിച്ചിരുന്നു.

ജനങ്ങളോടൊപ്പം മണിക്കൂറുകളോളം നിന്ന് പരാതി കേൾക്കുമ്പോൾ ഒരിക്കലും ക്ഷീണമല്ല ആവേശം മാത്രമാണ് തോന്നാറുള്ളതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനസമ്പർക്ക പരിപാടിയിലെ അവസാനത്തെ പരാതിക്കാരനെയും കണ്ട് പരിഹാര നിർദ്ദേശം നൽകിയ ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങൾക്ക് ദുഃഖങ്ങളും പ്രയാസങ്ങളും പറയാൻ ഒരു വേദിയും അവ കേൾക്കുന്നതിനുള്ള ഒരു സംവിധാനവുമാണ് ജനസമ്പർക്ക പരിപാടി. ജില്ലാ ഭരണകൂടം ഉണർന്ന് പ്രവർത്തിച്ചത് കൊണ്ടും എല്ലാവരുടേയും പങ്കാളിത്തം കൊണ്ടും പരിപാടി ശ്രദ്ധേയമായി. എല്ലാവരുടെയും ഭാഗത്തു നിന്നു പ്രശ്ന പരിഹാരത്തിന് പോസിറ്റീവായ സമീപനം ഉണ്ടായതാണ് പരിപാടിയുടെ വിജയമെന്നും അദ്ദേഹം പറഞ്ഞു

ലക്ഷത്തിലധികം പേരാണ് മുഖ്യമന്ത്രിയെ നേരിൽ കണ്ട് പരാതി സമർപ്പിക്കാൻ സിവിൽ സ്റ്റേഷൻ മൈതാനത്ത് എത്തിയത്. ഇതിൽ 1000 ത്തിലധികം പേർ വികലാംഗരായിരുന്നു. മുഴുവൻ പരാതികൾക്കും തീർപ്പ് കൽപ്പിച്ച ശേഷമാണ് മുഖ്യമന്ത്രി വേദി വിട്ടത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായമായി ഒരു കോടി 10 ലക്ഷം രൂപ ജനസമ്പർക്ക വേദിയിൽ അനുവദിച്ചു. 2400 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. 50 ലക്ഷം രൂപയാണ് കുടുംബ സഹായ നിധിയിൽ നിന്നും വിതരണം ചെയ്തത്. മൊത്തം 500 പേർക്ക് 10,000 രൂപ വീതം ഈയിനത്തിൽ ലഭിച്ചു. പ്രകൃതി ക്ഷോഭ ദുരിതാശ്വാസമായി 20 പേർക്ക് 15 ലക്ഷം രൂപ ധനസഹായവും നൽകി.

എ പി എൽ കാർഡുകൾ ബി പി എൽ കാർഡാക്കാൻ ആയിരത്തിലധികം അപേക്ഷകളാണ് മുഖ്യമന്ത്രിക്ക് ലഭിച്ചത്. ഇതിൽ 700 പേർക്ക് ബി പി എൽ കാർഡ് അനുവദിച്ചു. ജില്ലയിലെ ഏഴ് താലൂക്കുകളിൽ നിന്നുള്ള 250 പേർക്ക് പട്ടയം വിതരണം ചെയ്തു. വികലാംഗരെയും ചികിത്സാ ധനസഹായം തേടിയെത്തിയവരേയും കണ്ട ശേഷമാണ് മുഖ്യമന്ത്രി മറ്റു പരാതിക്കാരെ കണ്ടുതുടങ്ങിയത്.

സർക്കാർ തലത്തിൽ കൂടുതൽ പരിശോധന നടത്തി പരിഹാരം കാണേണ്ടുന്ന കേസുകൾ കൈകാര്യം ചെയ്യാൻ സെക്രട്ടേറിയേറ്റ് കൗണ്ടറും ഇവിടെ ഒരുക്കിയിരുന്നു. വിദ്യാഭ്യാസ വായ്പകളും പലിശ ഇളവുകൾക്കുമായി 250 അപേക്ഷകൾ ലഭിച്ചു. ഇതിൽ നൂറോളം അപേക്ഷകളിലായി 1.50 കോടി രൂപയുടെ വായ്പയും പലിശയിളവും അനുവദിച്ചു.

മുഖ്യമന്ത്രിയെ കാണാൻ എത്തിയവരിൽ 7500 പേർ നേരത്തെ രജിസ്റ്റർ ചെയ്തവരാണ്. 4500 പേരാണ് പരാതിയുമായി നേരിട്ട് വേദിയിലെത്തിയത്. വീൽ ചെയറിലും മറ്റുമെത്തിയ വികലാംഗരുടെ പരാതികൾ സശ്രദ്ധം കേട്ട മുഖ്യമന്ത്രി ഓരോ പരാതിയിലും തീർപ്പ് കൽപ്പിച്ചു. ഭിക്ഷാടകർക്കും മുഖ്യമന്ത്രി അടിയന്തര ദുരിതാശ്വാസ സഹായം അനുവദിച്ചു.

ജനങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് അത്താണിയിലും കൊച്ചിയിലും അര മണിക്കൂർ വീതം നിശ്ചയിച്ചിരുന്ന മറ്റു രണ്ടു പരിപാടികൾ ഒഴിവാക്കിയാണ് മുഖ്യമന്ത്രി വേദിയിൽ തന്നെ തങ്ങിയത്. 32 കൗണ്ടറാണ് വിവിധ വകുപ്പുകൾക്കായി പ്രവർത്തിച്ചത്. ആരോഗ്യ വകുപ്പിന്റെ പ്രത്യേക ചികിത്സാ യൂണിറ്റും വേദിക്ക് സമീപം ഒരുക്കിയിരുന്നു. മൊത്തം ജനങ്ങൾക്കും ഭക്ഷണവും കുടിവെള്ളവും നൽകിയത് ശ്രദ്ധേയമായി. ന്യായവിലയ്ക്ക് രുചികരമായ ഭക്ഷണവുമായി ഡി റ്റി പി സിയുടെ ഫുഡ്കോർട്ടും പ്രവർത്തിച്ചിരുന്നു.

പുലർച്ചെ വരെ ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് ബസ് സർവീസ് ഏർപ്പെടുത്തിയിരുന്നു. ജീവനക്കാരെ അതത് സ്ഥലങ്ങളിൽ എത്തിക്കുന്നതിന് പ്രത്യേക ക്രമീകരണം സജ്ജമാക്കിയിരുന്നു. കളക്ടറേറ്റ് മൈതാനം ആദ്യമായാണ് ഇത്രയധികം ജനങ്ങൾ പങ്കെടുക്കുന്ന ഒരു പൊതു പരിപാടിക്ക് വേദിയാകുന്നത്.